**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

| | |
|---|---|
| **നക്ഷത്ര ചിഹ്നമിട്ട** | **02.03.2020 ൽ** |
| **നിയമസഭാ ചോദ്യം നമ്പർ : *22** | **മറുപടിക്ക്** |

## <u>സിംസ് പദ്ധതിയുടെ കരാർ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. കെ.എസ്. ശബരീനാഥൻ<br>ശ്രീ. വി.എസ്. ശിവകുമാർ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഷാഫി പറമ്പിൽ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പോലീസും കെൽട്രോണും സംയുക്തമായി നടത്തുന്ന സിംസ് (സി.ഐ.എം.എസ്) പദ്ധതിയുടെ കരാർ നൽകിയിരിക്കുന്ന ഗാലക്സോൺ എന്ന സ്വകാര്യ കമ്പനിക്ക് പ്രസ്തുത പദ്ധതി നടത്താൻ മതിയായ യോഗ്യതകൾ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) സിംസ് പദ്ധതിയുടെ ടെക്നോളജി ഇംപ്ലിമെന്റേഷൻ പാർട്ണറായി ടെൻഡർ മുഖേനയാണ് ദുബായ് ആസ്ഥാനമായി പ്രവർത്തിക്കുന്ന വോസ്റ്റോക്ക് കമ്പനിയുടെ അസോസിയേറ്റ് കമ്പനിയായ ഗാലക്സോൺ ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെ കെൽട്രോൺ തെരഞ്ഞെടുത്തത്. ദുബായ് പോലീസിന് വേണ്ടി സമാനമായ പദ്ധതി വോസ്റ്റോക് കമ്പനി വിജയകരമായി നടപ്പിലാക്കിയതിന്റെ സാക്ഷ്യപത്രം ഇ-ടെൻഡർ സമയത്ത് ഗാലക്സോൺ കെൽട്രോണിനു സമർപ്പിച്ചിരുന്നു. രണ്ട് കമ്പനികളുടെയും പ്രവർത്തി പരിചയം മൊത്തത്തിൽ പരിഗണിച്ചാണ് ടെൻഡറിലെ നിബന്ധനകൾ പാലിച്ചു കൊണ്ട് ഗാലക്സോൺ കമ്പനിയെ കെൽട്രോൺ തെരഞ്ഞെടുത്തത്. |
| ബി) ടെണ്ടർ നിബന്ധനകളിൽ നിഷ്കർഷിച്ച പ്രകാരം സമാന പദ്ധതി നടത്തിപ്പിൽ ചുരുങ്ങിയത് മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം പ്രസ്തുത കമ്പനിക്ക് ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ടെണ്ടർ നിബന്ധനകളിൽ നിഷ്കർഷിച്ച പ്രകാരം ഗാലക്സോണിന്റെ പങ്കാളി കമ്പനിയായ വോസ്റ്റോക് കമ്പനിക്ക് മൂന്ന് വർഷത്തിൽ കൂടുതൽ പ്രവർത്തി പരിചയം ഉണ്ട്. |

| | |
|---|---|
| സി) പോലീസിന്റെ പദ്ധതി ഏറ്റെടുത്ത് നടത്തുന്നതും പോലീസ് ആസ്ഥാനത്ത് പ്രവേശനം അനുവദിക്കപ്പെട്ടുകയും ചെയ്ത ഒരു കമ്പനിയുടെ വിശ്വാസ്യത പോലീസ് ഉറപ്പുവരുത്തേണ്ടതല്ലേ എന്ന് വ്യക്തമാക്കുമോ; | സി) CIMS പദ്ധതിയുടെ Implementing Partner കെൽട്രോൺ ആണ്. CIMS പദ്ധതിയുടെ ടെക്നോളജി പാർട്ണർ കമ്പനിയായ M/s Galaxon International Pvt. Ltd ന്റെ വിശ്വാസ്യതയെ സംബന്ധിച്ച് പരാതികളൊന്നും പോലീസ് വകുപ്പിൽ ലഭിച്ചിട്ടില്ല. |
| ഡി) ഈ കമ്പനി ആരുടെയെങ്കിലും ബിനാമി കമ്പനിയോണോയെന്ന് പോലീസ് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | ഡി) ഇല്ല. അത്തരത്തിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ